# ഇടമൺ എച്ച് എസ്

# വാനമ്പാടി



# ഇടമൺ എച്ച് എസ് & വി എച്ച് എസ് എസ്



# എഡിറ്റോറിയൽ

പൊതുവിദ്യാഭ്യാസമേഖലയിൽ പുതിയൊരു മുന്നേറ്റത്തിന്റെ കാഴ്ചയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമായ ലിറ്റിൽ കൈറ്റ്സ് ഐ റ്റി ക്ലബ് കുട്ടികളുടെ കഴിവുകളെ വികസിപ്പിച്ചുകൊണ്ടു മുന്നേറുകയാണ്. വിവര വിനിമയ സാങ്കേതിക രംഗത്തു കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താല്പര്യത്തെ പരിപോഷിപ്പിക്കുകയും വിവരവിനിമയ വിദ്യാസങ്കേതങ്ങൾ ആഴത്തിലും പരപ്പിലും സ്വായത്തമാക്കാനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കുകയുമാണ് ലിറ്റിൽ കൈറ്റ്സ്. സംഘപഠനത്തിന്റെയും സഹവർത്തിത പഠനത്തിന്റെയും അനുഭവങ്ങൾ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നതോടൊപ്പം പഠന പ്രക്രിയയിൽ ഉപയോഗിക്കാവുന്ന ഡിജിറ്റൽ ഉത്പന്നങ്ങൾ നിർമ്മിക്കുകയും കൂട്ടായ്മയിലുള്ള പ്രവർത്തനത്തിലൂടെ നേതൃപാടവവും സഹകരണ മനോഭാവവും വളർത്താൻ കഴിയുകയും ചെയ്യുന്നു. സർഗാത്മകത വളർത്തുന്നതിനും തനതു സൃഷ്ടികൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനും ഉപകരിക്കുന്ന സൃഷ്ടികൾ ഉൾപ്പെടുത്തിയിരിക്കുന്ന " **വാനമ്പാടി** " എന്ന ഈ മാഗസിൻ ഇടമൺ എച്ച് എസ് ലെ കുട്ടികൾ എല്ലാവർക്കുമായി സമർപ്പിക്കുന്നു.

**എഡിറ്റർ**

## സന്ദേശം

വിവരമിനിമയ സാങ്കേതിക രംഗത്തു കുട്ടികൾ പ്രകടിപ്പിക്കുന്ന താത്പര്യത്തെപരിപോഷിപ്പിച്ചുകൊണ്ടു മുന്നേറുന്ന ലിറ്റിൽ കൈറ്റ്സ് വിവരവിനിമയ സാങ്കേതിക വിദ്യയുടെ നവീന മേഖലകൾ പരിചയപെടുത്താനും കൂടുതൽ സർഗാത്മക പ്രവർത്തനങ്ങളിലൂടെ ഉയരങ്ങളിൽ എത്തിച്ചേരാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഹെഡ്മിസ്ട്രസ്സ്**
**കെ എസ് ജയ**

## സന്ദേശം

വിവരവിനിമയ സാങ്കേതിക വിദ്യയിൽ പുതിയതലമുറ കുതിച്ചുയർന്നു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഇടമൺ എച്ച് എസ് ലെ കൊച്ചു കൂട്ടുകാരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ തയ്യാറായ ഈ ഡിജിറ്റൽ മാഗസീൻ മറ്റുള്ളവർക്കെല്ലാം പ്രചോദനമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

**പി റ്റി എ പ്രസിഡന്റ്**
**വി ശശിധരൻ**

# ആശംസ

ഇന്റർനെറ്റ് യുഗം എന്ന് വിശേഷിപ്പിക്കാവുന്ന ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ നടപ്പാക്കിയിരിക്കുന്ന ലിറ്റൽ കൈറ്റ് പ്രോഗ്രാം സ്വാഗതാർഹമായ ഒന്നാണ് . ഇതിന്റെ ഭാഗമായി ഇടമൺ എച്ച് എസി ലെ കുട്ടികൾ തയ്യാറാക്കിയിരിക്കുന്ന വാനമ്പാടി എന്ന മാഗസിൻ അവരുടെ ചെറിയ ചിന്തകളുടെയും സർഗാത്മകതയുടെയും പ്രതിഫലനമാണ്. ഈ വാനമ്പാടി വായനക്കാരും ഏറ്റുപാടട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ട് സ്കൂളിലെ സ്റ്റാഫ് കൗൺസിൽ എല്ലാ ആശംസകളും നേരുന്നു. . .

## വിദ്യാലയം

അക്ഷരം പൂക്കുന്ന വിദ്യാലയം
അമ്മയാകുന്ന  വിദ്യാലയത്തിൽ
അരുമ മക്കളാകുന്നു  നാം
അക്ഷരം പൂക്കുന്ന വിദ്യാലയം

പിന്നെയും പിന്നെയും
പൂക്കുന്ന ചില്ലകൾ പോൽ
നന്മകളായ്  പൂക്കുന്ന
നമ്മുടെ വിദ്യാലയം .

നേർ വഴി കാട്ടുന്ന വിദ്യാലയം
ഓർമ്മകൾ നൽകുന്ന വിദ്യാലയം
സൗഹൃദ സ്നേഹം തുളിമ്പുന്നു
അന്നും ഇന്നും എന്നും .

# നീന്താൻ പഠിക്കേണ്ട കേരളം

കേരളം ഇതുവരെ കാണാത്ത ഒരു പ്രളയം കടന്നു പോയി എന്ന് പറയാൻ വരട്ടെ, ഇതിലും ശക്തിയായി കേരളത്തിൽ ഇനി വരാൻ പോകുന്നത് വലിയ പ്രകൃതിദുരന്തങ്ങൾ തന്നെ ആണ്. അതിനു മുന്നോടിയായുള്ള ഒരു സാംപിൾ വെടിക്കെട്ടാണ് ഓഖിയും പ്രളയവും. അടുത്ത പ്രളയം വരുന്നതിനു മുൻപ് തന്നെ കേരളം നീന്തൽ പഠിച്ചേ മതിയാവുകയുള്ളു അല്ലെങ്കിൽ പരശുരാമൻ ഒരു വരവും കൂടി വരേണ്ടിവരും. എത്രകിട്ടിയാലും കേരളം പഠിക്കില്ല .

ജാതിയുടേയും മതത്തിന്റെയും പേരിൽ തമ്മിൽ തല്ലിയവർ പ്രളയം വന്നപ്പോൾ ഒറ്റക്കെട്ടായി നിന്നു. നമ്മൾ വളരെ തരം താഴ്ത്തിയിരുന്ന മത്സ്യത്തൊഴിലാളികൾ വേണ്ടി വന്നു കേരളത്തെ രക്ഷിക്കാൻ. എന്നിട്ടും സർക്കാർ ഇപ്പോഴും അവരെ അവഗണിക്കുന്നു. ഓഖിയിൽ എല്ലാം നഷ്ടപ്പെട്ടവർക്കു ഇപ്പോഴും സഹായം കിട്ടാനുണ്ട്. നവകേരളം എന്ന് പറഞ്ഞു സർക്കാർ കൊണ്ടുവന്ന പദ്ധതി പോലും പാതി വഴി ആയതേ ഉള്ളു. പ്രളയബാധിതരെ സഹായിക്കാൻ ജനങ്ങൾ ഒറ്റ ക്കെട്ടായി മുന്നോട്ടു വന്നിട്ടും സഹായം കിട്ടാതെ എത്ര പേർ ? തമിഴ്നാട്ടിലെ വെള്ളപ്പൊക്കവും സർക്കാർ സഹായവും കണ്ടാൽ നമ്മുടെ ധനകാര്യ വകുപ്പിന്റെ അവസ്ഥ എന്താണെന്നു ഊഹിക്കാം. എന്നാൽ മറ്റു രാജ്യങ്ങൾ സഹായ വാഗ്ദാനങ്ങൾ കേന്ദ്ര സർക്കാർ നിരസിച്ചത് അതിലും കഷ്ടം . ഇന്ത്യയിലെ ഏറ്റവും സാക്ഷരത ഉള്ള സംസ്ഥാനം കേരളമായിരുന്നിട്ടും മണ്ടത്തരങ്ങൾ കാട്ടുന്നതിനു കുറവൊന്നും ഇല്ല. തോടും കുളവും വയലും നികത്തിയും, കായൽത്തീരങ്ങൾ കയ്യേറിയും വികസനങ്ങൾ നടത്തി മുന്നേറികൊണ്ടിരിക്കുന്ന കേരളം ഇനിയും ദുഃഖിക്കേണ്ടിവരും. പണ്ട് നടന്ന വലിയ പ്രളയത്തിൽ കൊച്ചിയിലെ പ്രധാന തുറമുഖമായ മുസിരിസ് ഇല്ലാതായി. അടുത്തത് എന്താണ് ആർക്കറിയാം. എല്ലാം കണ്ടു നിൽക്കാം. അല്ലെങ്കിൽ നേരിടാം .

**ആദിത്യൻ എം**

**സ്റ്റാൻഡേർഡ് : 8 എ**

## അമ്മയാണ് നന്മ

സ്നേഹമാണ് അമ്മ
ശാന്തിയാണ് അമ്മ
എന്റെ ഉള്ളിലെ ചേതനയുടെ
മന്ത്രമാണ് അമ്മ .

തീർത്ഥമാണ്  അമ്മ
ദീപമാണ് അമ്മ
മാനസസരോവര    ദേവിയാണ് അമ്മ

പ്രാണനാണ് അമ്മ
പാവമെൻ അമ്മ
ജീവനുള്ള കാലം വരെ
ഞാൻ കാക്കുമെൻ അമ്മയെ .

**ശ്രീതു കൃഷ്ണ**
**സ്റ്റാൻഡേർഡ് : 8 ബി**

# പൂമ്പാറ്റ

പൂക്കളിലെല്ലാം പാറിനടന്ന
തേൻ നുകരുന്നൊരു പൂമ്പാറ്റേ
പുലരിയിലെന്നും പാറിനടന്ന
തേൻകുടിക്കും  പൂമ്പാറ്റേ
പൂക്കളിലെല്ലാം പാറിനടക്കും
തെറ്റി ചെമ്പകം എന്നീ പൂക്കളിൽ
പാറിനടക്കും പൂമ്പാറ്റേ
പാറിപ്പാറി പാറി  നടക്കും
തേൻ നുകരുന്നൊരു പൂമ്പാറ്റേ

**ആഷ്ന എസ്**
**സ്റ്റാൻഡേർഡ് : 8 ബി**

# സന്ധ്യ

സന്ധ്യ മയങ്ങി
ആകാശം കറുത്തു
പറവകൾ തൻ കൂട്ടിലേക്ക് പോയി
മൃഗങ്ങൾ തൻ പാർപ്പിടത്തിലേക്കു പോയി
മനുഷ്യർ സന്ധ്യക്ക് ജപിച്ചു  നാമം
ആകാശത്തു  ചന്ദ്രൻ ഉദിച്ചു
നക്ഷത്രങ്ങൾ വിരിഞ്ഞു
ലോകം നിശാന്ത നിശ്ശബ്ദതയിലേക്കലിഞ്ഞു .

**മെബിൻ വർഗീസ്**
**സ്റ്റാൻഡേർഡ് : 9 ബി**

# രക്ഷകൻ

പണ്ട് ചൈനയിൽ ഒരു കൊടും കാട്ടിൽ പണ്ഡിതനായ ഒരു ബുദ്ധ ഭിക്ഷു താമസിച്ചിരുന്നു. അതി രാവിലെ തുടങ്ങുന്ന ധ്യാനം പലപ്പോഴും ദിവസം മുഴുവൻ നീണ്ടു നിന്നേക്കാം.സംഭവിക്കാവുന്നതിനെ കുറിച്ച് അദ്ദേഹം പ്രവചിച്ചിരുന്നു. ബാലനായ ഒരു ഭിക്ഷു മാത്രമാണ് അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നത്.

ഒരിക്കൽ ധ്യാനത്തിൽ നിന്നുണർന്നപ്പോൾ ഭിക്ഷുവിന്റെ മുഖം വല്ലാതെ മ്ലാനമായിരുന്നു. ഞെട്ടിക്കുന്ന ഒരു വെളിപാടായിരുന്നു അതിനു കാരണം. തന്റെ പ്രിയപ്പെട്ട ശിഷ്യൻ ഇനി 8 ദിവസം മാത്രമേ ജീവിക്കിച്ചിരിക്കുകയുള്ളു എന്നായിരുന്നു വെളിപാട്. നിഷ്കളങ്കനായ ശിഷ്യനെ വിട്ടു പിരിയാൻ അദ്ദേഹം ആഗ്രഹിച്ചില്ല.അക്കാര്യം താങ്ങാൻ ഉള്ള മനോബലം അവൻ ഇനിയും സമ്പാദിച്ചിട്ടില്ല. അതുകൊണ്ടു തനിക്കുണ്ടായ വെളിപാട് അദ്ദേഹം തന്റെ ശിഷ്യനെ അറിയിച്ചില്ല.

ശിഷ്യ " ഞാൻ നിനക്കിപ്പോൾ 8 ദിവസത്തെ അവധി തരുന്നു . നിനക്ക് നിന്റെ നാട്ടിൽ പോയി തിരിച്ചു വരാം . എന്നാൽ ഒന്നുണ്ട് 8ാം നാൾ സൂര്യോദയത്തിനു മുൻപ് നീ ധ്യാനഗുഹയിൽ തിരിച്ചെത്തണം". ഗുരു പറഞ്ഞു."വളരെ നന്ദി ഗുരു. അങ്ങയുടെ ആജ്ഞ പോലെ. "ശിഷ്യൻ ഗുരുവിനെ വന്ദിച്ചു യാത്രയായി.

കനത്ത മഴക്കാലം ആയിരുന്നു. മഴയിൽ നനഞ്ഞൊലിച്ചു ശിഷ്യൻ നടന്നു. കുറെനേരത്തെ യാത്രക്ക് ശേഷം അവൻ ഒരു കാട്ടരുവിയുടെ കരയിലെത്തി. അപ്പോഴേക്കും മഴ തോർന്നെങ്കിലും അരുവിയിൽ ജല നിരപ്പ്

ഉയർന്നു കൊണ്ടിരുന്നു. ദാഹവും യാത്രാക്ഷീണവും മാറ്റാൻ വേണ്ടി അരുവിയിലെ തെളിഞ്ഞ വെള്ളം കൈക്കുമ്പിളിൽ കോരിയെടുത്തു കുടിച്ചപ്പോൾ അല്പം ആശ്വാസം തോന്നി. കുറെ നേരം കൂടി അരുവിക്കരയിൽ വിശ്രമിച്ചിരുന്നു അതിനുശേഷം യാത്ര തുടരാൻ നിശ്ചയിച്ചപ്പോളാണ് ഭിക്ഷു ആ കാഴ്ച കണ്ടത് ഒരു ഉറുമ്പുമാളം! ചില ഉറുമ്പുകൾ ധാന്യ മണികൾ പുറത്തേറ്റി ഗുഹയിലേക്ക് പോവുന്നു. ജോലി ചെയ്യാത്ത ഒരൊറ്റ ഉറുമ്പിനെപോലും കാണുന്നില്ല. ഭിക്ഷു കുറെ നേരം ആ കാഴ്ച കൗതുകത്തോടെ നോക്കി നിന്നു. പെട്ടെന്നവന് ബോധോദയം ഉണ്ടായി. അരുവിയിലെ ജലനിരപ്പ് പെട്ടെന്ന് ഉയർന്നു കൊണ്ടിരുന്നു.വെള്ളം ഉറുമ്പുമാളത്തെ സമീപിച്ചു കഴിഞ്ഞു. ഇനിയും ജല നിരപ്പുയർന്നാൽ എല്ലാ ഉറുമ്പുകളും മുങ്ങിച്ചാകും .

ഭിക്ഷു കുറെ ഉരുളൻ കല്ലുകളും ഉറച്ച മണ്ണും ശേഖരിച്ചു അവ ഉപയോഗിച്ചൊരു മതിൽ നിർമ്മിക്കാൻ തുടങ്ങി.അപ്പോഴേക്കും അരുവിയിലെ ജലനിരപ്പ് ഉയർന്നു കൊണ്ടിരുന്നു. നാട്ടിൽ പോവുന്ന കാര്യം മറന്നു അവൻ ഉറുമ്പുകളെ രക്ഷിക്കുന്ന ജോലിയിൽ ഏർപ്പെട്ടു. മൂന്നാലു ദിവസം കൊണ്ട് മാളത്തിനു ചുറ്റും ബലമേറിയ രക്ഷാ കവചം ഉയർന്നു. അങ്ങനെ അരുവിയിലെ ജല നിരപ്പുയർന്നിട്ടും ഉറുമ്പുകൾ രക്ഷപെട്ടു.അപ്പോൾ മാത്രമാണ് ഗുരുവിന്റെ വാക്കുകൾ ഓർത്തത്. ധ്യാന ഗുഹയിൽ നിന്ന് പോന്നിട്ട് 9 നാളായെന്നറിഞ്ഞു അവൻ അമ്പരന്നു. എട്ടാം ദിവസം തിരിച്ചെത്താമെന്ന വാക്ക് തെറ്റിക്കേണ്ടി വന്നതിൽ വ്യസനിച്ചു ഭിക്ഷു തിരിച്ചു പോയി.പറഞ്ഞ സമയത്തു ശിഷ്യൻ തിരിച്ചെത്തിയില്ല. അതുകൊണ്ട് അവൻ മരിച്ചിരിക്കുമെന്നു കരുതി സങ്കടപ്പെട്ടു. അപ്പോൾ അതാ തൊട്ടു മുൻപിൽ അവൻ നിൽക്കുന്നു.

സന്തോഷവും അത്ഭുതവും ഗുരുവിനെ നിശ്ശബ്ദമാക്കി . കഴിഞ്ഞ നാളുകളിൽ സംഭവം ഗുരുവിനോട് പറഞ്ഞു. സൽപ്രവർത്തിയുടെ ഫലമാണ് സർവേശ്വരൻ അവന്റെ അപമൃത്യു നീക്കി ദീർഘായുസ്സ് നൽകിയതെന്ന് അദ്ദേഹം സന്തോഷത്തോടെ പറഞ്ഞുകൊണ്ട് തന്റെ ശിഷ്യനെ അനുഗ്രഹിച്ചു .

**അനന്യ എസ്**
**സ്റ്റാൻഡേർഡ് : 8 സി**

# തൊപ്പി വില്പനക്കാരനും കുരങ്ങന്മാരും

ഒരിടത്തൊരു തൊപ്പിക്കച്ചവടക്കാരനുണ്ടായിരുന്നു. ഒരു ദിവസം തന്റെ തൊപ്പിക്കുടയുമായി അയ്യാൾ വില്പനയ്ക്കിറങ്ങി. നടന്നു ക്ഷീണിച്ച അയാൾ ഒരു മരത്തണലിൽ ഇരുന്നു. ഒന്ന് ഉറങ്ങിയുണർന്നപ്പോൾ കുട്ടയിൽ ഒറ്റ തൊപ്പിയും ഇല്ലായിരുന്നു. അയാൾ ചുറ്റും നോക്കി .അപ്പോൾ മരത്തിനു മുകളിൽ ബഹളം കേട്ടു . ഒരു കൂട്ടം കുരങ്ങന്മാർ തന്റെ തൊപ്പികൾ തലയിൽവെച്ച് മരത്തിൻ മേലിരിക്കുന്നത് അയാൾ കണ്ടു.പല അടവുകൾ നോക്കിയിട്ടും തൊപ്പികൾ തിരിച്ചു കിട്ടിയില്ല. ദേഷ്യം വന്ന അയാളൊരു കമ്പെടുത്ത് അവയെ എറിഞ്ഞു .അപ്പോൾ കുരങ്ങന്മാരും കമ്പുകളൊടിച്ചു തിരിച്ചു എറിയാൻ തുടങ്ങി.അതു കണ്ടപ്പോൾ തലയിലുള്ള തൊപ്പി എടുത്തു കുരങ്ങന്മാരെ എറിഞ്ഞു. ഉടനെ അവയും തങ്ങളുടെ തലയിലിരുന്ന തൊപ്പി എടുത്തു തൊപ്പിക്കാരനെ എറിയാൻ തുടങ്ങി. ഉടൻ തൊപ്പികളെല്ലാം പെറുക്കിയടുക്കി തൊപ്പിക്കാരൻ സ്ഥലം വിട്ടു.

**ഗുണപാഠം :അനുഭവമാണ് ഗുരു**

**കാവ്യാ രഘു**
**സ്റ്റാൻഡേർഡ് : 9 സി**

**LITTLE KITE EDAMON H S UNIT**
**LK/2018/40047**

